# മലങ്കര വിദ്യോജ്ജിതൻ.

പുസ്തകം 9. | 1933 മാർച്ച് | ലക്കം 3.


## ദൈവം വിസ്മരിച്ചാൽ.

(കേക.)

ദീപ്തിയും ചൈതന്യവും സൗന്ദര്യസമുല്ക്കർഷ-
പ്രാപ്തിയും ഭുവനത്തിന്നേകിത്താൻ സ്ഥിതിചെയ്യും
സർവ്വാന്തര്യാമിയാകുമീശ്വരനൊരുദിന-
സൃഷ്ടിയെ മറന്നാകിലെന്തൊരു പരിണാമം!!
ഓമനശ്ശിശുക്കൾതൻ വാത്സല്യമുതിർക്കുന്ന
ശുഭ്രമന്ദഹാസാഢ്യവും ലീലയും കാണില്ലൊട്ടും.
പക്ഷികളതിമംഗീതികളുമാരാമങ്ങളി-
ലക്ഷിതസുഖമിരുന്നാലാപിച്ചീടും ഗാനം
കേൾപ്പതിന്നിടകിട്ടില്ലവണ്ണം റോസച്ചെടി
പുഷ്പകാലത്തെ പരിഭ്രഷ്ടിതമാക്കുകില്ല.
വേനലിൻ കാഠിന്യത്തെ കുറച്ചു ബഹുസുഖം
ദാനംചെയ്തീടും മഞ്ജുമാരികൾ നിലച്ചുപോം.
ശരദ്ദേവതയ്ക്കാഭ വളർത്തും വയലുകൾ
ചുരത്തും ചെറുഗീതി ഹൃത്തിനെ നന്ദിപ്പിക്കാ-
ഉദ്യത്താമിനൻ തിങ്കളെന്നിവ സതാമറ്റ
വൈദ്യുതവിളക്കുപോലക്ഷണമണഞ്ഞീടും.
ശാന്തമാം സരസ്സിന്നെ താരകൾ സച്ഛായയാ
കാന്തകൈരവസൂനനിബിഡമാക്കാ തെല്ലും.
ക്ഷീണിച്ചു വഴിപോക്കൻ ചരിക്കും തരുണത്തിൽ
ചേണറ്റ സാഹ്യം ചെയ്വാൻ സജ്ജനമുണ്ടാകില്ല.

പന്ഥാവിൽ കിടക്കുന്നോരനാഥക്കുഞ്ഞുങ്ങൾ തൻ
സന്ധാരണത്തിൻ ശ്രുതി തന്നെയുമില്ലാതാകും.
പാരദേശികൻ തൻെറ വഴിയെ വിളക്കുന്ന
ദാരുവും ദീപങ്ങളുമാകവെ തുലഞ്ഞീടും.
അവൻെറ ബാഷ്പാകുലനേത്രങ്ങൾ തുടയ്ക്കുവാ-
നവനീതലത്തിങ്കലില്ലാതാം കരാംശുകം.
മുങ്ങിച്ചാകവെ നരന്മാരാക്കും ദയനീയ-
ക്രന്ദനം കേൾക്കാമട്ടിൽ കർണ്ണങ്ങൾ ബധിരമാം.
നീതിക്കുവേണ്ടിപ്പോരുനടത്തും യോധൻ തൻെറ
പാതത്തെയന്വേഷിക്കില്ലൊരുമനുഷ്യനും
കടുതായ് വേദനിച്ചു പുളയും വ്രണിതന്നു
കിടയാ "ഗിലയാദിൻ കുഴമ്പു" ലവംപോലും.
കോടാനുകോടിമർത്ത്യർ പാപമോചനംകൂടാ-
താടലോടടിഞ്ഞീടും നാശഗർത്താഗാധത്തിൽ
സുന്ദരമിപ്രപഞ്ചംതന്നെയും തകർന്നുപോ-
മന്നൊരുദിവസത്തെ ദൈവവിസ്മൃതിമൂലം.

# നിരുപമനായ ക്രിസ്തു.

(എഫ്. ലിൻസിക്ക് ജൻഡ്യൂഗം)

പത്തൊൻപതു ശതാബ്ദങ്ങൾക്കു മുൻപ് പ്രകൃത്യതീ മായ വിധത്തിൽ ഒരു മനുഷ്യൻ ജനിക്കയുണ്ടായി. അവ ദരിദ്രനായി ജീവിക്കയും, ഗൂഢമായി വളർത്തപ്പെടുകയും ചെയ്തു അവൻെറ ജീവിതകഥ പരിശോധിക്കുന്നതായാൽ, അവ ഒരു വലിയ സഞ്ചാരിയല്ലായിരുന്നു. സ്വന്തരാജ്യത്തിൻെറ അ തിർ വിട്ട് ഒരിക്കൽ മാത്രമെ അവൻ വെളിയിൽ പോയി ട്ടുള്ളു. അതു് ശൈശവത്തിൽ ആയിരുന്നു. അവൻെറ പ്രവർ നസ്ഥലം ഞാൻ താമസിക്കുന്ന ഈ അമേരിക്കൻ സംസ്ഥാന ത്തെക്കാൾ എത്രയോ ചെറുതായിരുന്നു.

അവനു പണമോ സ്വാധീനശക്തിയോ ഇല്ലായിരുന്നു. അവൻെറ ബന്ധുക്കൾ അപ്രസിദ്ധന്മാരും സ്വാധീനശക്തി യില്ലാത്തവരും ഉത്തമസംസ്കാരം വിദ്യാപരിശീലനം ഇവ ക ടാത്തവരുമായിരുന്നു.

പന്ഥാവിൽ കിടക്കുന്നോരനാഥക്കുഞ്ഞുങ്ങൾ തൻ
സന്ധാരണത്തിൻ ശ്രുതി തന്നെയുമില്ലാതാകും.
പാരദേശികൻ തന്റെ വഴിയെ വിളക്കുന്ന
ദാരുവും ദീപങ്ങളുമാകവെ തുലഞ്ഞീടും.
അവന്റെ ബാഷ്പാകുലനേത്രങ്ങൾ തുടയ്ക്കുവാ-
നവനീതലത്തിങ്കലില്ലാതാം കരാംശുകം.
മുങ്ങിച്ചാകവെ നരന്മാരാകും ദയനീയ-
ക്രന്ദനം കേൾക്കാമട്ടിൽ കർണ്ണങ്ങൾ ബധിരമാം.
നീതിക്കുവേണ്ടിപ്പോരുനടത്തും യോധൻ തന്റെ
പാതത്തെയനുശോചിക്കില്ലൊരുമനുഷ്യനും
കടുതായ് വേദനിച്ചു പുളയും പ്രാണിതന്നു
കിടയാ "ഗിലയാദിൽ കുഴമ്പു" ലവംപോലും.
കോടാനുകോടിമർത്ത്യർ പാപമോചനംകൂടാ-
താടലോടടിഞ്ഞീടും നാശഗർത്താഗാധത്തിൽ
സുന്ദരമീപ്രപഞ്ചംതന്നെയും തകർന്നുപോ-
മന്നൊരുദിവസത്തെ ദൈവവിസ്മൃതിമൂലം.

## നിരുപമനായ ക്രിസ്തു.

(എഫ്. ലിൻസിക്ക് ജൂൻഡ്യാണം)

പത്തൊൻപതു ശതാബ്ദങ്ങൾക്കു മുൻപു് പ്രകൃത്യതീ
മായ വിധത്തിൽ ഒരു മനുഷ്യൻ ജനിക്കയുണ്ടായി. അവ
ദരിദ്രനായി ജീവിക്കയും, ഗൂഢമായി വളർത്തപ്പെടുകയും ചെയ്തു
അവന്റെ ജീവിതകഥ പരിശോധിക്കുന്നതായാൽ, അവ
ഒരു വലിയ സഞ്ചാരിയല്ലായിരുന്നു. സ്വന്തരാജ്യത്തിന്റെ അ
തിർ വിട്ടു് ഒരിക്കൽ മാത്രമെ അവൻ വെളിയിൽ പോയി
ട്ടുള്ളു. അതു് ശൈശവത്തിൽ ആയിരുന്നു. അവന്റെ പ്രവർത്ത
നസ്ഥലം ഞാൻ താമസിക്കുന്ന ഈ അമേരിക്കൻ സംസ്ഥാന
ത്തേക്കാൾ എത്രയോ ചെറുതായിരുന്നു.

അവനു പണമോ സ്വാധീനശക്തിയോ ഇല്ലായിരുന്നു.
അവന്റെ ബന്ധുക്കൾ അപ്രസിദ്ധന്മാരും സ്വാധീനശക്തി
യില്ലാത്തവരും ഭൌമസംസ്കാരം വിദ്യാപരിശീലനം ഇവ ക
ടാത്തവരുമായിരുന്നു.

ശൈശവത്തിൽ അവൻ ഒരു രാജാവിനെ ഭയകമ്പിതനാക്കി. ബാല്യത്തിൽ ശാസ്ത്രികളെ തോല്പിച്ചു. പ്രൗഢതയിൽ പ്രകൃതിഗതിയെ സ്വാധീനപ്പെടുത്തുകയും കൽത്തളത്തിന്റെ മീതെ എന്നപോലെ തരംഗപരമ്പരയുടെ മീതെ നടക്കയും സമുദ്രത്തെ ഉറങ്ങുന്ന ഒരു ശിശുവിനെപ്പോലെ പ്രശാന്തമാക്കുകയും ചെയ്തു.

ഔഷധം കൂടാതെ ഈ മഹാത്മാവു് രോഗികളെ സൗഖ്യമാക്കി. തന്റെ ശുശ്രൂഷയ്ക്കു് ഒന്നിനും അവൻ പ്രതിഫലം വാങ്ങിയില്ല.

അവൻ ഒരു പുസ്തകവും എഴുതിയിട്ടില്ലെങ്കിലും അവനെക്കുറിച്ചു് എഴുതപ്പെട്ടിട്ടുള്ള പുസ്തകസഞ്ചയം വഹിച്ചുനില്പാൻ രാജ്യത്തുള്ള യാതൊരു ലൈബ്രറിക്കും കഴികയില്ല.

ഒരു സംഗീതവും അവൻ ഉണ്ടാക്കിയിട്ടില്ല. എന്നാൽ സകല സംഗീതകാരന്മാരും ഉണ്ടാക്കിയിട്ടുള്ള പാട്ടുകൾ ഒന്നിച്ചു ചേർത്താലും അതിലധികം പാട്ടുകൾക്കു വേണ്ട വിഷയം അവൻ പ്രദാനം ചെയ്തിരിക്കുന്നു.

ഈ സാധുമനുഷ്യൻ ഒരു കോളജും സ്ഥാപിച്ചിട്ടില്ല. എന്നാൽ ലോകത്തിലുള്ള സകല കോളജുകളിലേയും വിദ്യാർത്ഥികൾ ഒരുമിച്ചുകൂടിയാലും അവന്റെ കീഴിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തുകയ്ക്കു സമമാകയില്ല.

അവൻ സൈന്യം ശേഖരിക്കയോ മനുഷ്യരെ പോർക്കളത്തിലേക്കു നയിക്കയോ ഒരു തോക്കെങ്കിലും ഉപയോഗിക്കയോ ചെയ്തിട്ടില്ല. എങ്കിലും അവൻ പ്രതിഫലം കൂടാതെ വേല ചെയ്യുന്ന കണക്കില്ലാത്ത ഭടന്മാരുള്ളതു കൂടാതെ നളികപ്രയോഗമെന്യേ അവൻ വൈരികളെ കീഴ്പ്പെടുത്തുകയും ചെയ്യുന്നു.

ജ്യോതിശ്ശാസ്ത്രദൃഷ്ട്യാ അവൻ നക്ഷത്രവും, ഭൂഗർഭശാസ്ത്രപ്രകാരം അവൻ പാറയും, പ്രാണിധർമ്മശാസ്ത്രപ്രകാരം സിംഹം, കുഞ്ഞാട്ടു് ഇവയുമാകുന്നു.

ഇരുട്ടിൽ വയ്ക്കപ്പെട്ടിരിക്കുന്ന കണികളെ അവൻ കാണിച്ചുതരുന്നു. രാത്രിയിൽ ഇഴഞ്ഞുകയറിവരുന്ന ഓരോ ദോഷത്തെയും അവൻ ശാസിക്കുന്നു. ആരോഗ്യകരമായതിനൊക്കെ [illegible] അവൻ ഉജ്ജീവനം നൽകുന്നു. സുന്ദരമായ സമസ്തത്തി[illegible] ആരാധ്യനാകുന്നു അവൻ. പരസ്പരവിരുദ്ധങ്ങളെ അവ[illegible]ളിപ്പിക്കുന്നു. അനൈക്യങ്ങൾക്കു് അവൻ ഏകസ[illegible]

ന്നു. സകല രോഗങ്ങളേയും അവൻ സ്വസ്ഥമാക്കുന്നു. അവ[ൻ] മനുഷ്യവർഗ്ഗം മുഴുവന്റേയും രക്ഷിതാവാകുന്നു.

ഗ്രീസിലേയും റോമയിലേയും ഗർവ്വിഷ്ഠന്മാരായ രാജ്യതന്ത്ര ജ്ഞന്മാരുടെ പേരുകൾ ഉത്ഭവിക്കയും നശിക്കയും ചെയ്തിരിക്കു ന്നു. കഴിഞ്ഞുപോയ വിജ്ഞാനശാസ്ത്രജ്ഞന്മാരുടേയും തത്വ ജ്ഞാനികളുടേയും വേദശാസ്ത്രികളുടേയും നാമധേയങ്ങളും ഇങ്ങ നെതന്നെ. എന്നാൽ ഈ മനുഷ്യന്റെ പേർ ദൈനംദിനം പ ർവ്വാധികമായി വ്യാപിച്ചുകൊണ്ടിരിക്കുന്നു. അവന്റെ കരിത്ത കരണത്തിന്നും ഈ തലമുറയ്ക്കും മദ്ധ്യേ 1900 വർഷങ്ങൾ ക ന്നുപോയെങ്കിലും അവൻ ഇപ്പോഴും ജീവിക്കുന്നുണ്ടു്. ഹേരോ ദിനു് അവനെ കൊല്ലുവാൻ കഴിഞ്ഞില്ല. സാത്താനു് അവനെ വശീകരിപ്പാൻ സാധിച്ചില്ല. മരണത്തിനു് അവനെ നശി പ്പിക്കുവാനും കല്ലറയ്ക്കു് അവനെ പിടിച്ചുകൊള്ളുവാനും സ ധിച്ചില്ല.

സ്വർഗ്ഗീയതേജസ്സിന്റെ അത്യുച്ചമായ പ്രാസാദത്തിന്മേൽ അവൻ നില്ക്കുന്നു. ദൈവമെന്നു് അവൻ പ്രഖ്യാപനം ചെ യ്യപ്പെടുകയും ദൂതന്മാർ അതിനെ അംഗീകരിക്കയും ചെയ്തിരി ക്കുന്നു. വിശുദ്ധന്മാർ അവനെ ആരാധിക്കുന്നു. പിശാചുക്കൾ അവനെ ഭയപ്പെടുന്നു.

വായനക്കാരെ, ഇതു് നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവല്ലാതെ മറ്റാരുമല്ല.

---

## പുനരുത്ഥാനം.

യഹൂദേതരന്മാരായ പുരാതന എജിപ്തുകാരുടെ ഒരു രേ ഖയിൽ ഉയിർപ്പിനെപ്പററി കാണുന്ന ഭാഗം രസാവഹമാണു്. അതാവിതു്:—"സമസ്ത ശരീരങ്ങളും അധോലോകത്തിൽ ഇരു ക്കുന്നു എന്നിരുന്നാലും ഉയിർപ്പിന്റെ നിശ്ചയം അവയ്ക്കെല്ലാ റ്റിനുമില്ല. ഈ ഉയിർപ്പു പ്രാപിക്കുന്നതിനു് പ്രവൃത്തിയാലോ ട്ടെ വിചാരത്താലാകട്ടെ യാതൊരു മഹാപാപവും ചെയ്യ വരെ മൃതന്മാരുടെ ഉത്ഥാപനമുണ്ടാകുമെന്നു മാത്രമല്ല മൃത ില്ലാത്തവ ഇടയിൽനിന്നു നീതിമാന്മാരുടെ ഒരു പ്രത്യേകോ ത്തവരുമാ ണ്ടെന്നും ഈ പുനരുത്ഥാനത്തിൽ അവർ നാശ

മില്ലായ്മയെ ധരിക്കുമെന്നും ക്രിസ്തുവിന്റെ മുൻപു ജീവിച്ചിരുന്ന മക്കാബ്യക്കാർ വിശ്വസിച്ചിരുന്നതായി താഴെയുള്ള ഉദ്ധരണം കാണിക്കുന്നു. "അവരുടെ സന്ദർശനകാലത്ത് അവർ തേജസ്വികളായി തീപ്പൊരികൾപോലെ പറന്നു സഞ്ചരിക്കും ജാതികളെ അവർ ന്യായവിചാരണ ചെയ്കയും ജനസംഘങ്ങളെ ഭരിക്കുകയും ചെയ്യും." (Book of wisdom) "അവർ അടിമയിൽനിന്നു വിടുവിക്കപ്പെട്ടും. മശിഹായുടെ തണലിൻ കീഴ് അവർ പാർക്കും. മരിച്ചവർ ഉയിർത്തെഴുന്നേൽക്കും. ഉത്തമന്മാർക്ക് ഭൂമിയിൽ ഐശ്വര്യമുണ്ടാകും." (Jonathan B. C. 30.) "അവശ്യധർമ്മമായി ന്യായപ്രമാണം പഠിക്കുന്നചിലരുണ്ട്. ഇവരത്രെ "നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ ചിലർ നിത്യജീവന്നായി ഉണരും" എന്നുള്ള വചനപ്രകാരം നിത്യജീവനെ അനുഭവിപ്പാൻ ഒന്നാമത് ഉണിക്കുന്നത്"." (Rabbi Jochannan.)

ക്രിസ്തുവിന്റെ 167 കൊല്ലം മുൻപ് യഹൂദന്മാരുടെമേൽ ഘോരമായ മതപീഡ നടത്തിയ അന്ത്യോക്കസ് എപ്പിപ്പാനസ്സിനാൽ അവർണ്ണനീയമായ യാതന അനുഭവിച്ചു ഒരേദിവസത്തിൽ രക്തസാക്ഷിമരണമനുഭവിച്ച ഏഴു സഹോദരന്മാരും അവരുടെ അമ്മയും രാജാവിന്റെ മുമ്പാകെ ഏറ്റുപറഞ്ഞ വിശ്വാസവചനം ഉയിർത്തെഴുന്നേല്പിനെക്കുറിച്ച് അക്കാലത്തുള്ള യഹൂദന്മാരുടെ വിശ്വാസമെന്തായിരുന്നുവെന്നുള്ളതിന്റെ ശക്തിയേറിയ സാക്ഷ്യമാകുന്നു. അവരിൽ ഒരുവനെക്കൊല്ലുവാൻ തുടങ്ങുമ്പോൾ രാജാവിനോടു അവൻ സധൈര്യം ഇങ്ങനെ പറഞ്ഞു: "നീ ഘോരമായ പീഡനംകൊണ്ട് ഈ ജീവനിൽനിന്നു ഞങ്ങളെ പിരിച്ചുകളയുന്നു. എന്നാൽ സർവ്വലോകത്തിന്റെയും രാജാവായവൻ അവന്റെ ന്യായപ്രമാണത്തിനുവേണ്ടി മരിക്കുന്ന ഞങ്ങളെ നിത്യജീവന്നായി ഉയിർത്തെഴുന്നേല്പിക്കും." വധിക്കപ്പെടുന്നതിനുമുമ്പെ വേറൊരു സഹോദരൻ രാജാവിനോടു പറഞ്ഞത് ഇങ്ങനെയായിരുന്നു: "സർവ്വശക്തനായ ദൈവത്താൽ വീണ്ടും ഉയിർപ്പിക്കപ്പെടുമെന്നുള്ള പ്രത്യാശയിൽ മനുഷ്യരാൽ കൊല്ലപ്പെടുന്നതു ഞങ്ങൾക്കു നല്ലതുതന്നെ. നിന്നെക്കുറിച്ചുപറയുന്നപക്ഷമോ ജീവങ്കലേക്കുള്ള പുനരുത്ഥാനം നിനക്കു ലഭിക്കയില്ല."

"സർവ്വൈശ്വര്യവും വിശുദ്ധിയുമുള്ള ദൈവത്താൽ മൃതന്മാരു

ടെ ഇടയിൽനിന്നും ഉയിർത്തെഴുന്നേല്പിക്കപ്പെടുന്ന നീതിമാന്മാർ വീണ്ടും പൊടിയിലേക്കു പോകാതെ പരിശുദ്ധനും ഭാഗ്യവാനുമായ ദൈവം ഈ ലോകത്തെ പുതുതാക്കുന്ന സഹസ്രാബ്ദകാലത്തു് കഴുകുകൾക്കു തുല്യം ചിറകുകൾ ധരിച്ചു് വെള്ളങ്ങളുടെ മീതെ പറന്നുകൊണ്ടിരിക്കുമെന്നു് ഏലിയാസിന്റെ വീട്ടിൽ ഒരു ഐതിഹ്യമുണ്ടായിരുന്നതായി സന്നദ്രിൻ എന്ന ഗ്രന്ഥത്തെ ആസ്പദീകരിച്ചു് ഏലയാസർ (Rabbi Elazar) എന്ന റബ്ബി പറയുന്നു." ആർ. സാമിയസ്ഗാവോൺ ദാനി. 12: 2-ാംവാക്യത്തിനു ചെയ്തിട്ടുള്ള ഭാഷ്യത്തിൽ ഇങ്ങനെ ഉപന്യസിച്ചുകാണുന്നു: "മരിച്ചുപോയിട്ടുള്ള ഇസ്രായേല്യരിൽ നിത്യജീവന്നു് ഓഹരിക്കാരായുള്ളവരുടെ പുനരുത്ഥാനമത്രേ ഇതു്. ഇതിൽ ഉത്ഥാപിക്കപ്പെടാത്തവർ നരകമാകുന്ന പാതാളത്തിൽ നിത്യനാശം പ്രാപിക്കും. അവർ സകല ജഡത്തിനും വെറുപ്പായിരിക്കും."

മനാസ്സെബെൻ ഇസ്രായേൽ ഇങ്ങനെ പറയുന്നു: "അബ്രഹാമും മററു പൂർവ്വപിതാക്കന്മാരും കനാൻനാട്ടു് അനുഭവിച്ചിട്ടില്ലെന്നുള്ളതു സ്പഷ്ടം. അതിനാൽ ആ അവകാശത്തെ അനുഭവിക്കേണ്ടതിന്നായി മരിച്ചവരുടെ ഇടയിൽനിന്നു് അവർ ഇനിയും ഉയിർപ്പിക്കപ്പെടേണ്ടതായിത്തന്നെ ഇരിക്കുന്നു. അല്ലാത്തപക്ഷം ദൈവവാഗ്ദത്തം അബദ്ധവും വ്യർത്ഥവും ആയ്പോകും. ആകയാൽ മരിച്ചവരുടെ ഉയിർപ്പെന്നുള്ളതു് ന്യായപ്രമാണത്തിന്റെ അപരിത്യാജ്യമായ അസ്ഥിവാരമാകുന്നു.!! (തുടരും)

---

# വിശ്വാസിയുടെ സ്ഥാനവും സ്ഥിതിയും.

(ഡോക്ടർ സി. ഐ. സ്കോഫീൽഡ്.)

I

വിശുദ്ധ ഗ്രന്ഥത്തിൽ വ്യക്തമായിപ്പറഞ്ഞിട്ടുള്ള ഈ രണ്ടു സംഗതികളും ഒരു വിശ്വാസിയുടെ ജീവിതത്തെ ക്രമീകരിക്കുന്നതിനും തന്മൂലം അനാശാസ്യമായ അനേകസംഗതികളിൽ നിന്നു രക്ഷപ്പെടുന്നതിനും അത്യന്തം സഹായകങ്ങളത്രെ. ഇവയുടെ പരസ്പരബന്ധം വർദ്ധിക്കുന്തോറും അനുഗ്രഹസമൃദ്ധി ഉണ്ടാകയും, കുറയുന്തോറും അനുഗ്രഹശൂന്യത ഭവിക്ക

യും ചെയ്യുന്നു. ദൈവസന്നിധിയിലുള്ള ഒരു വിശ്വാസിയുടെ
ശ്രേഷ്ഠമായ സ്ഥാനവും അവന്റെ ജീവിതസ്ഥിതിയും ത
മ്മിലുള്ള ചേർച്ച അത്യന്താപേക്ഷിതമെന്ന് തിരിച്ചറിയുന്ന
തുവരെ അവന് ആത്മാവിന്റെ വിശിഷ്ടഫലങ്ങൾ തുടർച്ച
യായി പുറപ്പെടുവിക്കുന്നതിന് സാദ്ധ്യമാകയില്ല. ലോകത്തി
ലുള്ള മിക്ക സഭകളിലും കാണുന്ന മാന്ദ്യത്തിനും ഭിന്നതയ്ക്കും
ജഡപ്രാബല്യത്തിനും മൂലമായി നിൽക്കുന്ന ഒരു വലിയ ഹേതു,
വിശ്വാസികൾ തങ്ങൾക്ക് കൃപയാൽ ലഭ്യമായിരിക്കുന്ന സാ
ഫല്യനിലയ്ക്ക് അനുസരിച്ചുള്ള നടപ്പ് ജീവിതത്തിൽ കാണി
ക്കുന്നതിന്റെ അഭാവം കൊണ്ടാണെന്ന് അനുമാനിക്കാവുന്ന
താണ്. വിശ്വാസം കൂടാത്ത പ്രവൃത്തിയും, പ്രവൃത്തി കൂടാ
ത്ത വിശ്വാസവും കേവലം വ്യർത്ഥങ്ങളായിരിക്കുന്നതുപോലെ
ദൈവസന്നിധിയിൽ കൃപയാൽ സ്ഥാനം ലഭിക്കാത്ത ഒരു
വന്റെ സന്മാർഗ്ഗപൂർണ്ണമെന്നു തോന്നുന്ന ജീവിതസ്ഥിതിയും,
ലവലേശം ജീവിതപവിത്രത ഇല്ലാത്ത ഒരുവന്റെ പ്രശംസ
നീയമായ സ്ഥാനവും, കാരമില്ലാത്ത ഉപ്പെന്നപോലെ നിഷ്പ്ര
യോജകങ്ങളത്രെ. പരസ്പരയോജിപ്പിൽ അല്ലാതെ വിഭിന്നനി
ലയിൽ ഈ രണ്ടു ഉപാധികളും ഒരാത്മാവിന് ഏതെങ്കിലും
തരത്തിൽ അനുഗ്രഹം പ്രദാനം ചെയ്യുമെന്ന് വിചാരിപ്പാൻ
നിവൃത്തിയില്ല. കിട്ടിയിരിക്കുന്ന സ്ഥാനം മറന്ന് വല്ലാത്ത
സ്ഥിതിയിലേക്കു ഇറങ്ങിയതിന്റെ ഫലമായി ഭയങ്കരമായ
കപ്പൽച്ചേതങ്ങൾ ജീവിതയാത്രയിൽ അനുഭവിച്ചിട്ടുള്ള ചി
ലരുടെ ചിത്രങ്ങൾ സഭാചരിത്രത്തിൽ അത്യന്തം കറുത്ത നി
റങ്ങളിൽ വരയ്ക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള ഭയാനകചി
ത്രങ്ങളുടെ ഇടയിൽ ശോഭനവും, നേത്രാനന്ദകരവും, ഹൃദയാ
കർഷകവുമായ മററു ചിത്രങ്ങളെ കാണുമ്പോൾ അവ, സ്ഥാന
ത്തിനനുരൂപമായ സ്ഥിതി നയിക്കയും തന്മൂലം അനേകർക്ക്
അനുഗ്രഹമായിത്തീരുകയും ചെയ്തിട്ടുള്ള ഭക്തശിരോമണികളു
ടേതാണെന്ന് നിസ്സംശയം ഗ്രഹിപ്പാൻ സാധിക്കും.

ദൈവസന്നിധിയിലുള്ള വിശ്വാസിയുടെ പ്രശംസാർഹ
മായ സ്ഥാനം ക്രിസ്തുവിന്റെ നിവർത്തിയാക്കപ്പെട്ട വേലയുടെ
ഫലം മാത്രമാണ്. രക്ഷിക്കപ്പെട്ട ഒരുവന്റെ ജീവിതത്തി
ലുള്ള അനന്തരപരിവർത്തനത്തിനു കൃപയാൽ അവന് സിദ്ധമാ
യിരിക്കുന്ന ആ സ്ഥാനത്തോട് വല്ലതും കൂട്ടുവാനോ, അതിൽ

നിന്നും വല്ലതും കുറപ്പാനോ അസാദ്ധ്യം. കെടാത്ത ബീജത്താ
ളളവായിരിക്കുന്ന ആ പുതുസൃഷ്ടിക്കു കൂടുതൽ നവീനത്വം വ
ത്തുന്നതിനോ, പഴയ സൃഷ്ടിയാക്കിത്തിരിപ്പിക്കുന്നതിനോ, ക
ടില്ലാത്ത ഒരു സ്ഥാനത്തേയ്ക്കത്രേ ദൈവം അതിനെ സൃഷ്ട
ച്ചിരിക്കുന്നതു്. കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടന
ഒരു നീചപാപി ഉടനടി ദൈവപൈതലായിത്തീരുകയും അ
പുത്രത്വത്തിൽനിന്നും വേറെ യാതൊരു ശക്തിക്കും അവനെ
വ്യതിചലിപ്പിക്കുന്നതിനു് സാധിക്കാതെവരികയും ചെയ്യുന്നു
ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു ഹേതുവായിത്തീൎന്ന വിശ്വാ
സം ദൈവസന്നിധിയിലുള്ള വിശ്വാസിയുടെ മഹനീയ
മായ സ്ഥാനത്തെ ദൃഢമാക്കുന്നു. അങ്ങനെ പിതൃസന്നിധി
യിൽ ബലഹീനനും അജ്ഞനും സാധുവും ആയ ഒരു വിശ്വാ
സിക്കു വളരെ ബഹുമതിയും ജ്ഞാനവും, വരവും ഉള്ള ഒരു
ക്തനോളംതന്നെ സ്ഥാനമാനങ്ങൾ ഉണ്ടെന്നു വചനം പഠി
പ്പിക്കുന്നു. ഈ ഉൽകൃഷ്ടപദവികളുടെ ചില വശങ്ങൾ നമു
ക്കു് ആത്മാവു തന്റെ വചനം മുഖാന്തിരം വെളിപ്പെടുത്തി
ത്തന്നിരിക്കുന്നു.

അവനെ കൈക്കൊണ്ടു് അവന്റെ നാമത്തിൽ വിശ്വ
സിക്കുന്ന എല്ലാവർക്കും ദൈവമക്കളാകുവാൻ അധികാരം ലഭി
ച്ചിരിക്കുന്നു. (യോഹ 1: 12. (യേശുക്രിസ്തുവിനെ ക്രിസ്തുവെ
ന്നു വിശ്വസിക്കുന്നവരെല്ലാം ദൈവത്തിൽനിന്നു ജനിച്ചി
രിക്കുന്നു. (1 യോഹ. 5: 11.) ഇങ്ങനെ മക്കളായിത്തീൎന്നവർ
ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും
ആകുന്നത്രേ. (റോമ. 8: 7; എഫെ. 1: 11) ഈ അവകാശം
ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതായി ദൈവശ
ക്തിയിൽ കാക്കപ്പെടുന്നവരാണെന്നു് പത്രോസ് സാക്ഷിക്കുന്നു.
(1 പത്രോ. 1: 4: 5) ഇപ്പോൾ ദൈവമക്കളായിരിക്കുന്നവർ
വിയിൽ അവനോടു സദൃശന്മാരാകും എന്നുള്ള പ്രത്യാശ
രവരെ സാന്ത്വനപ്പെടുത്തുന്നു. (1 യോഹ. 3: 2) വിശ്വസി
ച്ചിരിക്കുന്നവർക്കു് ഇപ്പോൾതന്നെ നിത്യജീവൻ ഉണ്ടു്
ന്നു യോഹന്നാൻ സാക്ഷിക്കുന്നു. (യോഹ. 3: 36) അവരു
ടെ പാപങ്ങൾ എന്നേക്കുമായി യേശുവിന്റെ രക്തത്താൽ
രിഹരിക്കപ്പെട്ടു അവർ ശുദ്ധരായിത്തീൎന്നുമിരിക്കുന്നു

1 യോഹ. 1: 7, യോഹ. 13: 10) അവരെ നിഷ്കളങ്കരും പ
രിപൂർണ്ണരും ആയി ദൈവം കണക്കിട്ടിരിക്കുന്നതു കൂടാതെ
(കൊലൊ 2: 10.) വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ
അവർ മുദ്രയിടപ്പെട്ടും, (എഫെ. 1: 13) ആ ആത്മാവിനാൽ
ഏകശരീരമാകുമാറു സ്നാനപ്പെട്ടും ഇരിക്കുന്നു. (1 കൊരി 12:
13) അവർ ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളും
(എഫെ. 5: 30) അവരുടെ ശരീരം പരിശുദ്ധാത്മാവിന്റെ
മന്ദിരങ്ങളുമാകുന്നു. (1 കൊരി. 6: 19) ലോകത്തിൽ ജീവിക്കു
ന്ന ഈ ബലഹീനവിശ്വാസികൾ സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്ത
പ്പെട്ടിട്ടുള്ളവരെന്നുള്ളതു് മഹാത്ഭുതം തന്നെ. (എഫെ. 2: 7)
ഔദ്യോഗികമായി ഇവർ തിരഞ്ഞെടുക്കപ്പെട്ട ജാതിയും
രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും
ആകുന്നു. (1 പത്രോ. 2: 9) ഇതിനെ പുരസ്കരിച്ചു യോഹന്നാൻ
എഴുതുമ്പോൾ വിശ്വാസികൾ രാജാക്കന്മാരും പുരോഹിതന്മാരും
ആണെന്നു സ്ഥാപിക്കുന്നു. (വെളി. 1: 6) പുരോഹിതന്മാരെ
ന്നുള്ള നിലയിൽ ഇവർ അതിവിശുദ്ധ മന്ദിരത്തിൽ പ്രവേ
ശിപ്പാൻ പ്രാഗത്ഭ്യം സിദ്ധിച്ചവരും (എബ്രാ. 10: 19) അ
വിടെ മല്ക്കിസെദെക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതനാ
യിത്തീർന്ന ക്രിസ്തുവിന്റെ പുരോഹിതന്മാരായി പൌരോഹി
ത്യം ചെയ്യുന്നവരുമാണെന്നും കാണപ്പെടുന്നു. (എബ്രാ. 10:22)

ഇങ്ങനെ വിവിധരൂപങ്ങളിൽ കാണിച്ചിരിക്കുന്ന വി
ശ്വാസികളുടെ സ്ഥാനമാനങ്ങൾ ദൈവത്തിന്റെ വെറും ദാ
നമെന്നും കൃപയാൽ സൗജന്യമായി അവ വിശ്വസിക്കുന്നവ
ർക്കു് നൽകപ്പെട്ടിരിക്കുന്നു എന്നും വിശ്വാസത്താൽ അവയെ
സ്വന്തമാക്കാമെന്നും വചനം പഠിപ്പിക്കുന്നു. അത്ഭുതമേറിയ
ഈ അവകാശങ്ങളിൽ ഏതെങ്കിലും ഒന്നിനെ പ്രാർത്ഥനകൊ
ണ്ടോ, ഉപവാസം കൊണ്ടോ, ശുശ്രൂഷ കൊണ്ടോ, യോഗങ്ങ
ളിൽ സംബന്ധിക്കുന്നതു കൊണ്ടോ, ജീവിതവിശുദ്ധി കൊ
ണ്ടോ, മറ്റെതെങ്കിലും സൽപ്രവൃത്തി കൊണ്ടോ പ്രാപിക്കാം
എന്നു വചനം പറയുന്നില്ല. കൃപയാൽ മാത്രം. ആ കൃപയിൽ
ആണു് വിശ്വാസികൾ നിൽക്കുന്നതു് എന്നു എഴുതപ്പെട്ടിരി
ക്കുന്നു. (റോമ. 5: 2) എഫെസ്യലേഖനത്തിൽ പറയുംപോ

ലെ കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു്. ഇതിനും അതായതു് വിശ്വാസത്തിനു കൂടിയും ദൈവത്തിന്റെ കൃപയാണു് പ്രവർത്തിക്കുന്നതു്. "ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല."

ഫിലിപ്പ്യയിലെ കാരാഗൃഹപ്രമാണി വിശ്വസിച്ചേറ്റു പറഞ്ഞ ഉടനെതന്നെ അവൻ ദൈവമകനും, ക്രിസ്തുവിനോടുകൂടെ കൂട്ടവകാശിയും, രാജാവും, പുരോഹിതനും, മാറിപ്പോകാത്ത അവകാശത്തിനു യോഗ്യനും, നിത്യജീവനു് ഓഹരിക്കാരനും ആയിത്തീർന്നു. ഹൃദയംകൊണ്ടു വിശ്വസിച്ചു് വായ്കൊണ്ടു് ഏറ്റുപറഞ്ഞപ്പോൾ തന്നെ അവനു് നീതീകരണം ലഭിച്ചു; ദൈവത്തോടു നിരപ്പു കിട്ടി; നിത്യജീവൻ പ്രാപിച്ചു; എന്നുതന്നെയല്ല, പരിശുദ്ധാത്മാവിനാൽ അവൻ അപ്പോൾതന്നെ മുദ്രയിടപ്പെടുകയും, അതേ ആത്മാവിനാൽ ക്രിസ്തുവിന്റെ മർമ്മശരീരത്തോടു ചേർക്കപ്പെടുകയും, ദൈവനീതിയാൽ ധരിപ്പിക്കപ്പെടുകയും (റോമ. 3: 22) ക്രിസ്തുവോടുകൂടെ വിശ്വാസത്താൽ മരിച്ചുയിർത്തെഴുന്നേറ്റു സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തപ്പെടുകയും മഹത്വപ്രത്യാശയിൽ ഓഹരിക്കാരനായിത്തീരുകയും ചെയ്തു. ഞൊടിനേരംകൊണ്ടു ദൈവം എന്തുമാത്രം സ്ഥാനങ്ങളിലേയ്ക്കു അവനെ ഉയർത്തി! ഈ സ്ഥാനങ്ങളിൻ പ്രകാരം ജീവിപ്പാൻ അവനു അപ്പോൾ അറിഞ്ഞുകൂടാ. അവന്റെ യഥാർത്ഥസ്ഥിതി തുലോം വ്യത്യാസമുള്ള ഒന്നുതന്നെ. ദൈവസന്നിധിയിൽ അവനു ലഭിച്ച ഉന്നതപദവികൾക്കനുസരണമായി ഒരു രാജകീയ നടപടിയോ പൌരോഹിത്യാനുഭവമോ, സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തപ്പെട്ടതുപോലെ ഭൂമിയിൽ ഒരു സ്വർഗ്ഗീയനടപ്പോ അവനു് ഉടനടി സിദ്ധിക്കുന്നില്ല. എന്നാൽ ഇങ്ങനെയുള്ള ഉയർന്നതും വിശുദ്ധവുമായ നിലയ്ക്കു അനുയോജ്യമായ ഒരു ജീവിതം ചെയ്യാൻ അവൻ പ്രേരിതനായി.

ചുരുക്കിപ്പറഞ്ഞാൽ ദൈവത്തിന്റെ കൃപാവ്യവസ്ഥയിൽ വിശ്വാസിക്കു് ആദ്യം ഏറ്റവും ഉയർന്ന സ്ഥാനത്തെ പ്രദാനം ചെയ്തശേഷം ആ സ്ഥാനത്തിനു യോഗ്യമായ ഒരു സ്ഥിതി അഥവാ നടപ്പു പാലിപ്പാൻ ദൈവം കല്പിക്കുന്നു. വിശ്വാസിയുടെ പിന്നത്തെ ചുമതല അവന്റെ വിളിയും തെരഞ്ഞെടു

പ്പും കൂടെക്കൂടെ മാറ്റ് അവസ്ഥക്കു ചേരുന്നതായ ഒരു ഉത്കൃഷ്ട
ജീവിതപടിയിലേക്കു കാലുകളെ വയ്ക്കുക എന്നുള്ളതാണ്.
എപ്പോഴെങ്കിലും അവന്റെ നടപ്പ് അയോഗ്യമായിത്തീരുന്നു
വെന്നു തോന്നുന്നുവോ, അപ്പോൾതന്നെ അവന്റെ സ്ഥാന
ത്തിന് അനുചിതമായ ആ നടപ്പിനെ അവൻ ക്രമപ്പെടുത്തു
കയും ദൈവത്തിന്റെ ഹിതത്തിനനുരൂപമായി പ്രവർത്തിക്കു
യും ചെയ്യേണ്ടതു് അത്യാവശ്യം. അങ്ങനെ സ്ഥാനവും സ്ഥി
തിയും പരസ്പരം യോജിക്കുന്നവിധം പുലർത്തിക്കൊണ്ടുപോകു
ന്നതിനു വിശ്വാസി നിർബന്ധിതനായിരിക്കുന്നു. ദരിദ്ര
നെ കുപ്പയിൽനിന്നും ഉയർത്തി പ്രഭുക്കന്മാരോടുകൂടെ ഇരുത്തി
യശേഷം പ്രഭുസ്ഥിതിയിൽ ജീവിക്കുന്നതിന് അവനോടു
ആജ്ഞാപിക്കുന്നതുപോലെ (1 ശമു 2: 8) മഹനീയമായ പദ
വികളിലേക്കു വിശ്വാസിയെ ഉയർത്തിയതിനുശേഷം അവസ്ഥ
നുസരണമായ ഒരു സ്ഥിതി (നടപ്പ്) പാലിക്കുന്നതിന്
അവൻ ബോധിപ്പിക്കപ്പെടുന്നു. കൃപയാൽ ലഭിച്ചിരിക്കുന്ന
സ്ഥാനമാനങ്ങൾ കൃപയിൽ നിശ്ചയംപൂണ്ടു നിൽക്കുന്നിടത്തോ
ളം യോഗ്യമായ നടപ്പുകൊണ്ടു പ്രകാശിക്കുന്നു. എന്നാൽ വി
ശ്വാസി എപ്പോൾ കൃപയിൽ കുറകയും അതിൽനിന്നും വീഴ
വാൻ ഭാവിക്കുകയും ചെയ്യുന്നുവോ ആ സമയം മുതൽ അവന്റെ
നടപ്പു വളരെ താഴ്ന്നുപോകുന്നതിന് ആരംഭിക്കുന്നു. ഈ
അധഃപതനം ഉടനെ കാണുവാൻ അനുഗ്രഹിക്കുന്നെങ്കിൽ പു
നഃസ്ഥാപനം വിദൂരമായിരിക്കയില്ല. അധഃപതനം അനുഭ
വിച്ചിട്ടും ലവോദിക്യാ സഭയെപ്പോലെ അറിയാതിരിക്കുന്നു
തായാൽ വിശ്വാസിയുടെ ജീവിതം വളരെ അരിഷ്ടമാ
യിത്തീരുന്നതാണ്. ഏതിൽനിന്നു വീണിരിക്കുന്നു എന്നോ
ർത്തു താമസംകൂടാതെ ഏറ്റുപറഞ്ഞു ജീവിതത്തെ പിന്നെയും
സ്ഥാനാനുസരണമായി കൊണ്ടുവരുമ്പോൾ അനുഗ്രഹത്തിന്റെ
വറ്റിപ്പോയ ഉറവ തുറക്കയും വീണ്ടും ജാജ്വല്യമാനമായി പ്ര
കാശിക്കയും ചെയ്യും. അതുകൊണ്ടു ദൈവകൃപയാൽ നൽകിയി
രിക്കുന്ന പദവികളുടെ ശ്രേഷ്ഠ്യത്തെക്കുറിച്ചു ബോധമുള്ള വി
ശ്വാസി സ്വജീവിതം സ്ഥാനത്തിനനുസൃതമല്ലെന്നു കണ്ടാൽ
ഉടനടി അതിനെ ക്രമപ്പെടുത്തുന്നതിനു സാധിക്കുന്നതാണ്.

(തുടരും)

# ധ്യാനമഞ്ജരി.

## പുറപ്പാടുപുസ്തകം.

(C. H. M.)

---

ജീവൻ നമുക്ക് ആവശ്യമുണ്ടെങ്കിൽ, ഞാൻ ജീവനാ
കുന്നു എന്നു ക്രിസ്തു നമ്മോടു പറയുന്നു. നമുക്കു നീതിവേ
ണമെങ്കിൽ, അവൻ നമ്മുടെ നീതിയാകുന്ന യഹോവയാകു
ന്നു. നമുക്കു സമാധാനമാവശ്യമുണ്ടെങ്കിൽ, അവൻ നമ്മുടെ
സമാധാനം, നമുക്കു ജ്ഞാനം ശുദ്ധീകരണം, വീണ്ടെടുപ്പ്
ഇവ ആവശ്യമുണ്ടെങ്കിൽ, അവൻ നമുക്ക് ഇവയെല്ലാമായ്
ഭവിച്ചുവല്ലോ. ഒററ വാക്കിൽ പറഞ്ഞാൽ, ഈ അഗാധവും
ആരാധ്യവുമായ ഞാൻ ആകുന്നവൻ, എന്നുള്ള നാമത്തി
ന്റെ അമ്പരന്നുപോകത്തക്ക ആഴത്തേയും പൂർണ്ണതയേയും ക
റിച്ചുള്ള ഒരു ശരിയായ ധാരണ ഉണ്ടാകുവാൻ മനുഷ്യാവശ്യ
ങ്ങളുടെ വിശാലപരമ്പരകളിൽ കൂടി നമുക്കു യാത്രചെയ്യാം.

ഇതുപോലെയുള്ള നാമം വഹിക്കുന്ന ദൈവത്തോടു കൂ
ട്ടുകൂടി നടക്കാൻ വിളിക്കപ്പെടുന്നതു് എന്തുമാതിരി കൃപ
യാണു്! നാം മരുഭൂമിയിലാണല്ലോ. ഇവിടെ നമുക്കു പരീ
ക്ഷ, ദുഃഖം, പ്രയാസം ഇവയെ നേരിടേണ്ടതായിട്ടുണ്ടു്. എ
ന്നാൽ എല്ലാ അവസരങ്ങളിലും എല്ലാ പരിതഃസ്ഥിതിക
ളിലും നമ്മുടെ ആവശ്യനിവൃത്തിക്കും ദൌർബല്യ പരിഹാ
രത്തിനുംവേണ്ടി തന്റെ ബഹുവിധമായ കൃപയിൽ തന്നെ
ത്താൻ വെളിപ്പെടുത്തിയിരിക്കുന്ന ഒരുവനോടു് ചേർന്നു നട
പ്പാൻ നമുക്ക് ഭാഗ്യപദവി ഉള്ള കാലത്തോളം മരുഭൂമിയെ
ഭയപ്പെടേണ്ട ആവശ്യമില്ല. ദൈവം തന്റെ ജനത്തെ മണ
ൽനിറഞ്ഞ മരുഭൂമി വഴികൊണ്ടു പോകുവാൻ ഉദ്ദേശിച്ചിരു
ന്നപ്പോഴാണു് ഈ വിലയേറിയതും ബഹുലാർത്ഥകവുമായ നാ
മത്തെ അവൻ വെളിപ്പെടുത്തിയതു്. ഇപ്പോൾ വിശ്വാസി
പുത്രത്വത്തിന്റെ ആത്മാവിനെ പ്രാപിച്ചിരിക്കയാൽ അ
ബ്ബാ പിതാവേ, എന്നു വിളിപ്പാൻ അവനു കഴിയുമെങ്കി
ലും തന്നെ വെളിപ്പെടുത്തുവാൻ താൻ പ്രസാദിച്ച എല്ലാ
പ്രദർശനങ്ങളും മുഖാന്തരവും ദൈവത്തോടു കൂട്ടായ്മ അനുഭ
വിക്കുന്നതിനുള്ള പദവിയിൽനിന്നു് വിശ്വാസി അകന്നി

രിക്കുന്നില്ലയോ? ദൃഷ്ടാന്തമായി, "ദൈവം" എന്നുള്ള പേർ "നിത്യശക്തിയും ദൈവത്വവും" ആകുന്ന സ്വഗുണങ്ങളെ തെളിയിച്ചുകൊണ്ടു് സ്വാസ്തിത്വത്തിന്റെ വിവിക്തതയിൽ തന്നെത്താൻ വെളിപ്പെടുത്തുന്നു. ദൈവമായ കർത്താവ് അഥവാ യഹോവയായ ദൈവം എന്നുള്ളതു് മനുഷ്യനോടുള്ള തന്റെ ഇടപാടിനെ ആസ്പദമാക്കി എടുത്തിട്ടുള്ള പേരാകുന്നു. അനന്തരം സർവ്വശക്തനായ ദൈവം എന്ന നിലയിൽ സന്തതിയെ സംബന്ധിച്ചുള്ള വാഗ്ദത്തം നിവർത്തിക്കുന്ന കാര്യത്തിൽ തന്റെ ദാസനായ അബ്റാഹാമിന്റെ ഹൃദയത്തിന് ഉറപ്പുകൊടുപ്പാൻ അവന്റെ മുൻപിൽ താൻ നിവർന്നുനിൽക്കുന്നു. അപ്പുറം യഹോവയെന്നുള്ള മുറയ്ക്കു് അവരെ മിസ്രയീമിൽനിന്നു പുറപ്പെടുവിച്ചു കനാൻ നാട്ടിൽ വരുത്തുന്നതിന് അവൻ ഇസ്രയേലിന്നു തന്നെത്താൻ വെളിപ്പെടുത്തുകയുമുണ്ടായി.

"ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു് അരുളിച്ചെയ്തു" (എബ്റാ. 1.1) വിവിധ പരിമാണങ്ങളും രീതികളുമത്രേ ഇവ. അതിനാൽ ഈ കാലയളവിന്നു് അഥവാ പ്രണയനത്തിന്റെ കീഴിൽ പുത്രത്വത്തിന്റെ ആത്മാവിനെ പ്രാപിച്ചിരിക്കുന്നോരോ വിശ്വാസിക്കും "ഇപ്രകാരം തന്നെത്താൻ വെളിപ്പെടുത്തിയതും, സംസാരിച്ചതും പ്രവർത്തിച്ചതും എന്റെ പിതാവാണു്" എന്നു പറയാൻ കഴിയും.

കാലയളവു സംബന്ധിച്ചുള്ള ദൈവത്തിന്റെ മഹത്തായ സ്ഥാനപ്പേരുകളെ ആരായുന്നതിനേക്കാൾ അധികം രസാവഹവും; നടപടി സംബന്ധിച്ചു പ്രധാനവുമായി വേറൊന്നില്ലതന്നെ. ഈ സ്ഥാനപ്പേരുകൾ അവ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന സന്ദർഭങ്ങളോടുള്ള നിഷ്കർഷപൂർവ്വമായ ഒരു സന്മാർഗ്ഗികസംബന്ധത്തിൽ അത്രേ എല്ലായ്പ്പോഴും ഉപയോഗിച്ചിരിക്കുന്നതു്". എന്നാൽ വാസ്തവത്തിൽ ഞാൻ ആകുന്നവൻ എന്ന പേരിൽ മനുഷ്യന്റെ ഗ്രഹണശക്തിയുടെ പരമമായ അതിരിനെ യഥാർത്ഥത്തിൽ കവിയുന്ന ഉയരവും ആഴവും വീതിയും നീളവും അന്തർഭവിച്ചിട്ടുണ്ടു്.

തന്റെ സ്വന്ത ജനങ്ങളെ സംബന്ധിച്ചു മാത്രമാകുന്ന
ഈ പേർ താൻ എടുക്കുന്നതു്, എന്നുള്ളതു് വിശേഷാൽ ന്യ
ത്തവ്യമാണു്. ഫറവോനോടു് അവൻ സംഭാഷിക്കുന്നതു് ഇ
പേർ എടുത്തുകൊണ്ടല്ല. നേരേമറിച്ചു്, ഘനവും മഹിമയും
ള്ള ഒരു പേർ പറഞ്ഞു് അതായതു്, എബ്രായരുടെ ദൈവ
മായ യഹോവ അത്ഥാൽ. ഫറവോ ധ്വംസിച്ചുകളവാൻ അ
പേക്ഷിക്കുന്ന അതേജനത്തിന്റെ സ്വന്ത ദൈവം എന്ന നി
ലയിൽ അവൻ തന്നെത്താൻ വിളിച്ചുകൊണ്ടാണു് അവനോടു
സംസാരിക്കുന്നതു്. ദൈവത്തെ സംബന്ധിച്ചിടത്തോളം ഫ
റോവിന്റെ ഭയങ്കരമായ സ്ഥിതിയെ അവനു കാണിക്കുന്നതി
നു് ഈ നാമം പര്യാപ്തമാകേണ്ടിയിരുന്നു. ഞാൻ ആകുന്നവ
ൻ എന്നുള്ളതു് പേലയേൽക്കാത്ത ഒരു ചെവിക്കു് മനസ്സിലാകാ
ത്തതും വിശ്വാസവിഹീനമായ ഒരു ഹൃദയത്തിനു ഒരു ദൈവി
കവാസ്തവത്തെ പ്രദാനം ചെയ്‌വാൻ കഴിയാത്തതുമായ ശബ്ദ
മാണല്ലോ. ദൈവം ജഡത്തിൽ വെളിപ്പെട്ട ഘട്ടം, "അബ്ര
ഹാമിനു മുമ്പു ഞാൻ ഉണ്ടു്" എന്നു വിശ്വസിക്കാത്ത യഹൂ
ദന്മാരോടു താൻ പറഞ്ഞപ്പോൾ എറിവാൻ കല്ലുകൾ എടുക്ക
കയാണു ചെയ്തതു്. ഞാൻ ആകുന്നവൻ എന്നുള്ള അവന്റെ നി
ത്യമായ നാമത്തിന്റെ ശക്തി ഏതെങ്കിലും ഒരളവിൽ ബോ
ദ്ധ്യപ്പെടുന്നതിനും അതിന്റെ മാധുര്യം അനുഭവിക്കുന്നതി
നും കഴിവുള്ളതു് സത്യവിശ്വാസിക്കു മാത്രമാണു്. വ
ഴ്ത്തപ്പെട്ട കർത്താവായ യേശുവിന്റെ അധരങ്ങളിൽ
നിന്നു് താഴെ വരുന്നതുപോലെയുള്ള പ്രസ്താവന കേ
ൾക്കുന്നതു് ഇങ്ങിനെയുള്ള ഒരുവനു സന്തോഷകരമായിര
ക്കും. അതാവിതു് "ഞാൻ ജീവന്റെ അപ്പം ആകുന്നു. "ഞാൻ
നല്ല ഇടയൻ ആകുന്നു" "ഞാൻ പുനരുത്ഥാനവും ജീവനു
ആകുന്നു." "ഞാൻ വഴിയും സത്യവും ജീവനും ആകുന്നു."
"ഞാൻ സത്യമായ മുന്തിരിവള്ളി ആകുന്നു." "ഞാൻ അല്ഫ
യും ഒമേഗായും ആകുന്നു." "ഞാൻ ശുഭ്രമായ ഉദയനക്ഷത്ര
ആകുന്നു." ചുരുക്കിപ്പറഞ്ഞാൽ ദിവ്യവിശിഷ്ടതയും സ്വ
ത്ത്വവും ഉള്ള ഓരോ പേരിനേയും എടുത്തിട്ടു് അതിന്റെ പ

നാലെ "ഞാൻ ആകുന്നു" എന്നുള്ള വാക്കുകൾ വച്ചിട്ട് അതിൽ യേശുവിനെ കാണുന്നതിനും അവനേപ്പററി അത്ഭുതപ്പെടുന്നതിനും അവനെ പൂജിക്കുന്നതിനും അവനെ ആരാധിക്കുന്നതിനും ഒരു വിശ്വാസിക്കു കഴിയുന്നു. ഏവംവിധം "ഞാൻ ആകുന്നവൻ" എന്ന അഭിധാനത്തിൽ ഒരു സുഗ്രാഹ്യതപോലെ തന്നെ ഒരു മാധുര്യവും അടങ്ങിയിരിക്കുന്നു. ഈ മാധുര്യം വർണ്ണനാശക്തിക്ക് അപ്പുറമാകുന്നു. ഈ നാമധേയത്തിൽ ഓരോ വിശ്വാസിക്കും തന്റെ ആത്മികാവശ്യനിവൃത്തിക്കു വേണ്ടതു കാണ്മാൻ കഴിയും. ക്രിസ്ത്യാനിയുടെ മരുഭൂമി യാത്രാമദ്ധ്യേ ദൈവത്തിന്റെ ഈ സ്ഥാനപ്പേരിനാൽ പരിഹരിക്കപ്പെടാത്ത വളവുതിരിവോ ആത്മപരിജ്ഞാനത്തിന്റെ പ്രകാരഭേദമോ ഇല്ല. കാരണം, അവന്നു ആവശ്യമുള്ളതു എന്തായിരുന്നാലും വിശ്വാസത്താൽ "ഞാൻ ആകുന്നവൻ" എന്നതിന്റെ എതിർഭാഗത്തു അതു വച്ചാൽ മതിയാകുന്നതാണ്. അപ്പോൾ അതിലളിതമായ ഈ സാധകമാർഗ്ഗത്താൽ യേശുവിൽ സമസ്തവും കാണ്മാൻ കഴിയും. അതുകൊണ്ടു വിശ്വാസി എത്രമാത്രം ബലഹീനനും തെററുന്നവനും ആയിരുന്നാലും ഈ നാമത്തിൽ കലർപ്പില്ലാത്ത അനുഗ്രഹീതത്വമുണ്ട്.

എന്നാൽ "ഞാൻ ആകുന്നവൻ" എന്നെ നിങ്ങളുടെ അടുക്കലേക്ക് അയച്ചിരിക്കുന്നുവെന്നു ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരോടു പറവാനായിട്ടാണ് മോശ നിയുക്തനായതു എന്നു വരികിലും അവിശ്വാസികളെ സംബന്ധിച്ചു നോക്കുന്നതായാലും, ആ നാമത്തിൽ അഗാധമായ ഗൗരവവും യാഥാർത്ഥ്യവും ഉണ്ടെന്നു കാണാവുന്നതാണ്. ഒരു ക്ഷണനേരത്തേക്കു ഈ പരിഭ്രമജനകമായ സ്ഥാനപ്പേരിനെ പാപങ്ങളിൽ ഇരിക്കുന്ന ഒരുവൻ ചിന്താവിഷയമാക്കുന്നപക്ഷം "ആകുന്നവനായ ഞാൻ ആകുന്നു" എന്നു തന്നെത്താൻ വിളിക്കുന്ന ഈ ദൈവത്തിന്റെ മുമ്പാകെ ഞാൻ എങ്ങിനെ നില്ക്കുമെന്നു തന്നോടുതന്നെ ഒരു ചോദ്യം ചോദിക്കാതിരിപ്പാൻ നിശ്ചയമായും കഴിയുന്നതല്ല. യഥാർത്ഥത്തിൽ "അവൻ ആകുന്നു" എന്നുള്ളതു വാസ്തവമെങ്കിൽ അവൻ എനിക്കു എന്താകുന്നു. "ഞാൻ ആകുന്നു" എന്നുള്ള ഈ ഗംഭീരനാമത്തിന്നെതിരെ ഞാൻ എന്താണ് എഴുതേണ്ടതു? ഞാൻ ഈ ചോദ്യത്തെ അതിനുള്ള സഹജമായ ധ്യാനത്തിൽനിന്നും ഒഴി

യിൽനിന്നും എന്റെ സ്വന്തവാക്കുകൊണ്ടു കവർന്നുകളവാൻ ശ്രമിക്കയില്ല. എന്നാൽ വാസ്തവത്തിൽ ആവശ്യമുള്ള ഏതെങ്കിലും വായനക്കാരന്റെ മനസ്സാക്ഷിയിൽ അതു കടന്നു് അവനെ അന്വേഷണബുദ്ധിയുള്ളവനാക്കിത്തീർക്കുവാൻ ഇടയാകണമെന്നു് പരിശുദ്ധാത്മാവാകുന്ന ദൈവത്തോടു ഞാൻ പ്രാർത്ഥിക്കുന്നു.

(തുടരും)

## കുരിശു്.

### 1. വിവരണം.

പാർസികൾ, മേദ്യർ, സുറിയാക്കാർ, കാർത്തേജുകാർ റോമർ എന്നീ ജാതികൾ വധശിക്ഷയ്ക്കു് ഉപയോഗിച്ചുവന്ന ഒരു ഉപകരണമത്രേ കുരിശു്. കാലാന്തരത്തിൽ ഇതിന്നു് ലത്തീൻഭാഷയിൽ 'ക്രുക്സ്' (Crux) എന്ന പേരുണ്ടായി. പരുപരുത്ത രണ്ടു തടികൾ ചേർത്താണു് ഇതുണ്ടാക്കുന്നതു്. മുകളിലത്തെ അറ്റത്തോ അല്പം താഴെയോട്ടിറക്കിയോ വിലങ്ങത്തിലുള്ള തടി ചേർത്തു വയ്ക്കുന്നു. 'അന്ത്രയോസിന്റെ കുരിശു്' എന്ന പേരുള്ളതായി ഗുണനചിഹ്നത്തിന്റെ ആകൃതിയിലുള്ള ഒരുമാതിരി കുരിശും ഈ കൂട്ടത്തിലുണ്ടു്. അന്ത്രയോസിന്റെ കുരിശു് എന്ന പേർ വരുവാൻ കാരണം അന്ത്രയോസിനെ ഈമാതിരി സ്ലീബയിൽ കുരിശിച്ചു എന്നുള്ള ഐതിഹ്യമാണു്. റോമയിലെ പ്രേതകല്ലറകളിൽ ഈ ആകൃതിയിലുള്ള കുരിശുരൂപങ്ങൾ കാണുമാറുണ്ടു്. ഗ്രീക്കിൽ ക്രിസ്തു എന്ന വാക്കിന്റെ ആദ്യലിപിയുടെ രൂപമാണിതു്. കുറുകെ വയ്ക്കുന്ന തടിക്കു് ഒരാളിന്റെ കൈ വിരിച്ചു് ആണിവയ്ക്കത്തക്ക നീളമുണ്ടായിരിക്കും. യോഹ. 19: 29-ൽ സ്പോങ്ങു് ഈസോപ്പു തണ്ടിന്മേൽ ആക്കി കുടിപ്പാൻ യേശുവിന്റെ വായോടു് അടുപ്പിച്ചുവച്ചു എന്നു പറയുന്നതിനാൽ കുരിശിന്നു് ഒരാൾ പൊക്കത്തിൽ അധികം ഉയരം വരും എന്നു വിചാരിക്കാവുന്നതാണു്. മരണശിക്ഷ വിധിച്ച ഉടൻ കുറ്റക്കാരൻ വിലങ്ങെയുള്ള ആ തടി വഹിച്ചുകൊണ്ടു് വന്മരം നാട്ടിയിരിക്കുന്ന സ്ഥലത്തേക്കു പോകണമെന്നു വ്യവസ്ഥപ്പെടുത്തിയിരുന്നു. അവിടെ എത്തിയശേഷം വന്മരത്തിൽ വിലങ്ങെയുള്ള തടി പതിക്കുന്നു. അനന്തരം കുറ്റവാളിയെ കുരിശിന്മേൽ ചേർത്തു് ആ

നി വയ്ക്കുകയോ അല്ലാത്തപക്ഷം കയറുകൊണ്ടു കെട്ടുകയോ ചെയ്യുന്നു. കാൽ ഉറപ്പിക്കുന്നതിനു നെടുന്തടിയിൽ ഒരു കട്ട കൂടി ഉള്ളതായി പറഞ്ഞുവരുന്നുണ്ടു്.

വധസ്ഥലത്തേക്കു നടന്നുപോകുന്ന കുററവാളിയുടെ കഴുത്തിൽ ഒരു കുററപത്രിക തൂക്കിയിട്ടിരിക്കും. യേശുവിൻെറ കത്തിൽ അങ്ങിനെ ഇല്ലായിരുന്നു. അതുനിമിത്തമത്രേ ക്രൂശിൻെറ മേൽഭാഗത്തു "നസ്രായനായ യേശു യഹൂദന്മാരുടെ രാജാവു്" എന്നെഴുതേണ്ടിവന്നതു്. ഇതിൽനിന്നു് ആ കരിശിൻെറ ആകൃതിയും നമുക്കു് ഊഹിക്കാം

2. കരിശു് എന്ന പദത്തിൻെറ ആത്മികാർത്ഥം.

a. കർത്താവു കരിശിൽ മരിച്ചു രക്ഷ സമ്പാദിച്ചിരിക്കുന്നതിനെ (യോഹ. 3: 16) ആസ്പദമാക്കി കൃപയുടെ സുവിശേഷത്തിനു് "ക്രൂശിൻെറ വചനം" എന്നു പേർ പറയപ്പെടുന്നു. 1 കോരി. 1: 18.

b ഇതു രക്ഷയുടെയും ക്രിസ്തുമതത്തിൻെറയും ചിഹ്നമായി പഴയ സഭകൾ ഉപയോഗിച്ചുപോരുന്നു.

c. ഈ വധയന്ത്രം കഷ്ടതയുടേയും മരണത്തിൻേറയും ഉപകരണമാകയാൽ കരിശു് എന്ന പദം ക്രിസ്തീയജീവിതം നിമിത്തം ക്രിസ്ത്യാനികൾ അനുഭവിക്കുന്ന സകല കഷ്ടപ്പാടുകളേയും കാണിക്കുന്നു.

3. കരിശിൽ തറയ്ക്കുക.

ഇതു് അപമാനകരവും തീവ്രവേദനയെ ഉളവാക്കുന്നതുമാകുന്നു. ആവ 21: 23; ഗലാ. 3: 13

കേവലം മൃതശരീരത്തെ ചിലപ്പോൾ കരിശിൽ തറയ്ക്കാറുണ്ടു്. ഇതു് ആളിനെ പബ്ലിക്കിൽ ഹാസ്യപാത്രമാക്കുന്നതിനത്രേ. മററുള്ളവരുടെ ഉദ്ബോധനത്തിനുവേണ്ടിയും ചിലപ്പോൾ മൃതശരീരം എവിടെയെങ്കിലും തൂക്കുക പതിവാകുന്നു. ഉല്പ. 40: 19. യോശു. 10: 26. ആവ. 21: 22. കരിശിക്കുന്ന ഏർപ്പാടു് ആദിയിൽ ഇല്ലായിരുന്നെങ്കിലും ഒടുവിൽ യഹൂദന്മാരുടെ ഇടയിലും നടപ്പായി.

റോമർ, കാർത്തേജുകാർ എന്നിവരെപ്പോലെ അടിമകളെയാണു് യഹൂദന്മാർ ആദ്യം തറച്ചുവന്നതു്. കൊലപാതകം. ശണ്ഠ, മോഷണം ഇവയ്ക്കുള്ള ശിക്ഷ കരിശീകരണമാ

യിരുന്നു. ക്രൂശിക്കുന്നതിനു മുമ്പായി അടിച്ചുവന്നു. അടിമയെ ചമ്മട്ടികൊണ്ടും സ്വതന്ത്രനെ വടികൊണ്ടും അടിക്കയൊണു പതിവു്.

ക്രൂശു നാട്ടുന്നതിനു ചില പ്രത്യേകസ്ഥലങ്ങൾ ഒഴിച്ചിട്ടിരുന്നപ്പോൾ! പലപ്പോഴും ഇതുവഴികൾ സമീപമായിരുന്നു. വധ്യന്റെ വസ്ത്രം ഘാതകന്മാർ എടുത്തുവന്നു.

വേദനാധിക്യം, രക്തച്ചൊരിച്ചിൽ, മുറിവിന്റെ ഉഗ്രത ഇവകൊണ്ടു ക്രൂശിതന്മാർ പെട്ടെന്നു മരിച്ചുപോകുക അപൂർവ്വമല്ല. എങ്കിലും രണ്ടുമൂന്നുദിവസം കഷ്ടപ്പെട്ടു കിടന്നശേഷമേ ചിലപ്പോൾ ചിലർ മരിക്കുകയുള്ളു. ഇങ്ങനെ കിടന്നു കഷ്ടപ്പെടാതിരിപ്പാൻ കാവല്ക്കാർ തറയ്ക്കപ്പെട്ടവരുടെ കാലുകൾ ഒടിച്ചോ കുന്തംകൊണ്ടു കുത്തിയോ കൊന്നശേഷം ശവം കാട്ടുമൃഗങ്ങൾക്കു ഇരയാക്കുക പതിവാകുന്നു. ശബ്ബത്തുദിവസത്തിന്റെ തലേദിവസമാണെങ്കിൽ കാൽ ഒടിച്ചുകൊന്നു് കുറക്കാരെ കുരിശിൽ നിന്നെടുക്കുകയും സാധാരണയായിരുന്നു. ക്രൂശിതന്മാർ വേദനയറിയാതിരിപ്പാൻ പുളിച്ച മദ്യം കൊടുത്തുവന്നു. യേശു ഇതു കുടിച്ചില്ല.

നാലാംനൂറ്റാണ്ടുവരെ ഗവൺമെന്റു ക്രൂശീകരണശിക്ഷ നടത്തിവന്നു.

4. **കുരിശുവര.** അപ്പോസ്തല കാലത്തു ക്രിസ്തുസഭയിൽ കുരിശുവര ഉണ്ടായിരുന്നതായി വേദത്തിൽ കാണുന്നില്ല. എന്നാൽ രണ്ടാം നൂറ്റാണ്ടിൽ ഇതു നടപ്പുണ്ടായിരുന്നതായി തെർത്തുല്യൻ പറയുന്നു. (ക്രിസ്തുവർഷം 169–230) കുസ്തന്തീനോസു രാജാവിന്റെ കാലശേഷമാണു് ഇതൊരു സാർവ്വത്രികാചാരമായിത്തീർന്നതു്. ഭക്ഷിപ്പാൻ ചെല്ലുമ്പോൾ ആഹാരത്തിനുമീതെ കുരിശുവരച്ചുവന്നു. യുദ്ധസമയത്തു പട്ടാളക്കാർ നെറ്റിയിൽ കുരിശുവരച്ചുംകൊണ്ടാണു് പോർക്കളത്തിലേക്കു പോക പതിവു്. പ്രാർത്ഥന. ദൈവവചനവായന, പ്രസംഗാരംഭം ഇത്യാദിഘട്ടങ്ങളിൽ പഴയസഭക്കാർ കുരിശുവര ധാരാളം അനുഷ്ഠിക്കുന്നുണ്ടു്. കർബാനയ്ക്കു കുരിശുവര അത്യാവശ്യമെന്നാണു വച്ചിരിക്കുന്നതു്.

5. **കുരിശുവന്ദനം.** ക്രിസ്തുമാർഗ്ഗത്തിൽ ശേഷിപ്പു് വർദ്ധിക്കയാൽ പള്ളികൾക്കു മീതെയും, അകത്തുള്ള ഉപകരണങ്ങ

ിലും, വസ്ത്രങ്ങളിലും ക്രിസ്ത്യാനികളുടെ ഭവനത്തിൽ ക
ണ്ടെത്താകുന്ന എല്ലാ ഉപകരണങ്ങളിലും, ഭിത്തിമേലും മററും
ഈ ചിഹ്നം സുലഭമായി കണ്ടുവരുന്നു. ആദ്യം ആരോ ഒരു
വൻ ഭക്തിവിചാരംകൊണ്ടോ അന്ധബുദ്ധികൊണ്ടോ ആരം
ഭിച്ച ഈ പടങ്ങ് ഒടുവിൽ ആത്മരക്ഷയ്ക്ക് അവർജ്ജ്യമായ
രിശ്ശു വന്ദനയായി പരിണമിക്കയും അങ്ങനെ ക്രൂശ് ഒ
ക്രിസ്തീയ വിഗ്രഹമായി പരിണമിക്കയും ചെയ്തിരിക്കുന്നു.
രിശ്ശുവന്ദന വർദ്ധിച്ചുവന്നതോടുകൂടി ക്രൂശിക്കപ്പെട്ടവന്റെ
വന്ദന അപജയത്തിൽ കലാശിച്ചു

യൂറോപ്പിലെ വലിയ മതനവീകരണത്തോടുകൂടി ക്രൂ
ശുവന്ദനയുടെ സാർവ്വത്രികത്വം അവസാനിക്കുകയും യഥാർത്ഥ
ദൈവവന്ദനയുടെ ജ്ഞാനം ക്രൈസ്തവരുടെ ഇടയിൽ ഉദ്ബു
ദ്ധമാകയും ചെയ്തിരിക്കുന്നു.

---

# ന്യായവിധികൾ.

## ന്യായവിധി നമ്പർ 3.

1. കക്ഷികൾ=യഹൂദന്മാർ. 2. സമയം=മഹാപീഡന
കാലം. 3. സ്ഥലം=യരുശലേമും പരിസരങ്ങളും. 4. വി
ധിപ്രമാണം=ദൈവ(ത്വ)നിഷേധം. 5. ഫലം=യഹൂദന്മാരു
ടെ മാനസാന്തരവും യേശുവിനെ മശിഹായായി അംഗീകരി
ക്കുന്നതും.

ഈ ന്യായവിധി വരുവാനുള്ളതത്രേ. ആകാലത്തിൽ
ക്രിസ്തുവിന്റെ ന്യായാസനത്തിൻമുമ്പാകെ സഭയ്ക്കു ന്യായവി
ധി നടന്നുകൊണ്ടിരിക്കുമ്പോൾ യഹൂദന്മാർ ഭൂമിയിൽ
അന്തിക്രിസ്തുവിൻകീഴിൽ ന്യായം വിധിക്കപ്പെടും. യഹൂദ
ന്മാർ ഭൂമിസംബന്ധമായ ഒരു ജനതയാകുന്നു. അവർക്കുള്ള വാ
ഗ്ദത്തങ്ങളും ഭൗമികംതന്നെ. അവരുടെ ന്യായവിധിക്കുള്ള ആ
ധാരം അവർ ദൈവത്വത്തെ നിഷേധിച്ചു എന്നുള്ളതാണ്.
ശമുവേലിന്റെകാലത്ത് അവർ പിതാവായ ദൈവത്തെ നി
ഷേധിച്ചു. 1 ശമു. 8:7. ക്രിസ്തുവിന്റെ കാലത്ത് അവർ

പുത്രനായ ദൈവത്തെ നിഷേധിച്ചു. ലൂക്കോ. 23: 18. സ്തെ
ഫാനോസിന്റെ കാലത്തു പരിശുദ്ധാത്മാവായ ദൈവത്തെ
നിഷേധിച്ചു. പ്രവൃ. 7:51; 54_60. അവരുടെ പാപനിമി
ത്തം അവർ ജാതികളുടെ കാലം നിറവേറുംവരെയും ജാതി
കളുടെ ഇടയിൽ ചിതറിക്കപ്പെട്ടിരിക്കുന്നു. ജാതികളുടെ കാ
ലം അവസാനിക്കാറാകുമ്പോൾ യഹൂദന്മാർ മാനസാന്തരപ്പെ
ടാത്ത നിലയിൽതന്നെ വിശുദ്ധ നാട്ടിൽ കൂട്ടിച്ചേർക്കപ്പെടുക
യും "വടിയുടെ കീഴിൽ"കൂടി കടത്തപ്പെടുകയും ചെയ്യുന്നു.
യെഹെ. 20:34-38. അവർ ദൈവത്തിന്റെ ഉലയിൽ ഇട
പ്പെടും. യെഹെ. 22:19_22. അങ്ങിനെ അവർ യിരമ്യാവും
ദാനിയേലും പറഞ്ഞിട്ടുള്ള യാക്കോബിന്റെ ഞെരുക്കകാലം
യിര. 3:4_7; ദാനി. 12:1) എന്നു വിളിക്കപ്പെടുന്ന അനു
ഭവത്തിൽകൂടി കടന്നുപോകും. ഈ കാലത്തെയാണു് ക്രിസ്തു
മഹാപീഡനം എന്നു വിളിക്കുന്നതു്. ക്രിസ്തുവും സഖറിയാ
പ്രവാചകനും അതിനെ ക്രിസ്തുവിന്റെ പുനരാഗമനത്തോടു
ചേർത്തു പറഞ്ഞിരിക്കുന്നു. മത്ത. 24:21_31: സെഖ. 14:1_11.
ഈ ന്യായവിധിക്കു നമ്മുടെ കർത്താവു തെരഞ്ഞെടുക്കുന്ന മാ
രകശിക്ഷോപകരണം അന്തിക്രിസ്തുവായിരിക്കും. അവന്റെ ഭ
യങ്കരത ദൈവക്രോധകലശങ്ങളുടെ വർഷണത്താൽ വർദ്ധിപ്പി
ക്കപ്പെടും. വെളി. 15:1; 5_8; 16:1_21. ഈ ഭയങ്കര ന്യാ
യവിധികളുടെ ഫലം യഹൂദന്മാർ തങ്ങളുടെ കഷ്ടതയിൽ
ദൈവത്തെ വിളിച്ചപേക്ഷിക്കും എന്നുള്ളതാണു്. സെഖ. 12:
10. അനന്തരം ക്രിസ്തു ഒലിവുപർവ്വതത്തിലേക്കു തിരികെ വ
രും. സെഖ. 14: 4. യഹൂദന്മാർ തങ്ങൾ കുത്തിയവങ്കലേക്കു
നോക്കും. സെഖ. 12:10. ഒരു ജാതി, (യഹൂദജാതി) ഒരൊറ്റ
ദിവസംകൊണ്ടു താനെ ജനിക്കും, അഥവാ മനസ്സുതിരിയും.
യെശ. 66:8. ഇതു യഹൂദന്മാർക്കുള്ള ന്യായവിധിയെ പൂർത്തീ
കരിക്കയും ചെയ്യും.

# പട്ടത്വത്തിന്റെ ദോഷഫലങ്ങൾ.

1. മാനസാന്തരപ്പെട്ടവരാണോ എന്നു നോക്കിയു
പട്ടക്കാരെ തിരഞ്ഞെടുക്കുന്നതു്.

2. ആദ്ധ്യക്ഷ്യശുശ്രൂഷയ്ക്കു വരമുള്ളവരല്ലാ സ്ഥാനം ഏ
ൽക്കുന്നതു്.

3. ലൌകികപ്രതിഫലം ഓർത്തു് ഒരു തൊഴിലായി ഇ
ജോലി അംഗീകരിക്കുന്നു.

4. കർമ്മം നടത്തുന്നതാണു തങ്ങളുടെ ചുമതല എന്ന
പട്ടക്കാർ വിചാരിക്കുന്നു. ദൈവവചനത്തിൽ കർമ്മം നടത്ത
ൽ അദ്ധ്യക്ഷന്മാരുടെ പ്രത്യേക ചുമതലയായി പറഞ്ഞിട്ടില്ല

5. പട്ടത്വനൽവരം കൊടുക്കുന്നതു റാലമുള്ള മനുഷ്യ
നാണെല്ലോ. എന്നാൽ അദ്ധ്യക്ഷന്മാർക്കു സ്ഥാനനൽവര
കൊടുക്കേണ്ടതു ദൈവമാണു്. മനുഷ്യർക്കു് ആ നൽവരം കൊ
ടുപ്പാൻ കഴിയുന്നതുമല്ല.

6. വിശുദ്ധജീവിതം ചെയ്യാത്ത പട്ടക്കാർ ശാസിക
പ്പെടുന്നില്ല.

7. വേഷമാണു പട്ടത്വത്തിന്റെ പ്രധാന ചിഹ്നമെന്ന
വിചാരിച്ചുപോരുന്നു.

8. പലപ്പോഴും പട്ടത്വം പൌരോഹിത്യമായി രൂപാന്ത
രപ്പെടുന്നു. സകല വിശ്വാസികളും പുരോഹിതന്മാർ എന്ന
തിരുവചന സിദ്ധാന്തത്തിനു് ഇതു വിപരീതമാണു്.

9. തങ്ങൾക്കില്ലാത്ത ഏതാണ്ടധികാരം തങ്ങൾക്കുള്ള
തായി ഇക്കൂട്ടർ വിചാരിച്ചുപോരുന്നതിനും തന്നിമിത്തം
ങ്ങളുമായി മത്സരിക്കുന്നതിനും ഇടയാകുന്നു.

10. വളരെ തിന്മപെട്ടവരായാലും പണക്കാരാണെങ്കി
ൽ അവർക്കു സഭയിൽ കൈകാര്യകർത്തൃത്വമുണ്ടാകുന്നതിനു പ
ക്കാരാണു മുഖ്യകാരണം.

11. സഭയിലെ അശുദ്ധന്മാരെ നീക്കുന്നതിനു് തടസ്സ
മായി നിൽക്കുന്നതു് ഇവരാണു്.

12. കർത്താവു സഭയ്ക്കു് അഥവാ ആത്മീയ ജനതയ്ക്കു്
കൊടുത്തിരിക്കുന്ന അധികാരശക്തിക്കു് ഇവർ ഹാനിയു
ണ്ടാക്കുന്നു.

13. പണംവാങ്ങി പട്ടംകൊടുക്കുന്ന സമ്പ്രദായത്താൽ ദ്ര
വ്യാഗ്രഹനിവൃത്തിക്കു ഒരു പുതിയവഴി തുറക്കുകയും, അതുനിമി
ത്തം വലിയ ഭിന്നതകളും കലാപങ്ങളും ഉണ്ടാകയും ചെയ്യുന്നു.

# ലോകപ്രസിദ്ധനായ മൂഡിസായ്പ്പ്.

ഈ സുവിശേഷകന്മാർ യോർക്കിൽനിന്നു് സണ്ടർലണ്ടിലേക്കു പോയി. യോർക്കിൽ നടന്നതിനേക്കാൾ വലിയ സമ്മേളനങ്ങൾ അവിടെ നടന്നു. പിന്നീടു് ന്യൂകാസിലിൽ ആയിരുന്നു വേല. ഇവിടെവച്ചായിരുന്നു അവരുടെവക ഒന്നാമത്തെ പാട്ടുപുസ്തകം പ്രസിദ്ധപ്പെടുത്തിയതു്. (അവർ അമേരിക്കയിലേക്കു തിരിച്ചുചെന്നശേഷം അവരുടെ സുവിശേഷഗാനങ്ങൾ എന്ന പാട്ടുപുസ്തകം ആറു നമ്പർവരെ പ്രസിദ്ധപ്പെടുത്തി. ഈ പാട്ടുപുസ്തകം ലോകമൊട്ടുക്കു് അനുഗ്രഹകരമായിത്തീൎന്നിട്ടുള്ള ഒരു മഹൽഗ്രന്ഥമാകുന്നു. ഈ ഗീതങ്ങളുടെ ഉത്ഭവകാലം ക്രിസ്തീയ സഭയുടെ ചരിത്രത്തിൽ ഒരു പ്രത്യേക കാലയളവായി വിചാരിക്കപ്പെടാം. ഈ പ്രസിദ്ധീകരണം മൂലമുണ്ടായ വരുമാനം ആദ്യം ധൎമ്മവിഷയങ്ങൾക്കും പിന്നീടു് നോൎത്ത്ഫീൽഡിലുള്ള ബൈബിൾസ്ക്കൂളിനുമായി അവർ വിനിയോഗിച്ചു)

ഇംഗ്ലണ്ടിന്റെ വടക്കേഭാഗത്തുനിന്നു് ഇവർ സ്കോട്ട്ലണ്ടിലേക്കു പോയി. എഡിൻബറോവിൽ തുടരെ കുറെ യോഗങ്ങൾ നടത്തി. ലോകത്തിൽ അറിയപ്പെട്ടിട്ടുള്ള സമ്മേളനങ്ങളിൽവെച്ചു ഇത്ര വലിയവ ഉണ്ടായിട്ടില്ലെന്നാണു പറയപ്പെടുന്നതു്. ഈ വമ്പിച്ച സമൂഹത്തിനു സമ്മേളിപ്പാൻ തക്ക യാതൊരു കെട്ടിടവും ഈ പട്ടണത്തിൽ ഉണ്ടായിരുന്നില്ല. ഇതിനെപ്പറ്റി പ്രൊഫസർ ബ്ലേക്കി ഇങ്ങനെ പറയുന്നു. "ഇത്ര വലിയ ഒരു കാത്തിരിപ്പു് ഈ രാജ്യത്തു ഇതിനു മുൻപു്, ഒരിക്കലും, ഒരു സംഗതിയിലും ഉണ്ടായിട്ടില്ല. സ്കോട്ട്ലണ്ടു് അത്രമാത്രം ഇളകിപ്പോയി"

ഗ്ലാസ്ഗോയിലും ഇതുപോലെയുള്ള യോഗങ്ങളാണു് ഉണ്ടായതു്. പളുങ്കുകൊട്ടാര (Crystal palace) ത്തിൽവെച്ചു നടന്ന അന്തിമ സമ്മേളനത്തിൽ പ്രസംഗാൎത്ഥം മൂഡിക്കു് അകത്തു കയറാൻ പാടില്ലാതവണ്ണം ജനത്തിരക്കു് ഉണ്ടായിരുന്നു. കെട്ടിടത്തിൽ കടക്കാൻ കഴിയാതെ പുറത്തുനിന്ന ആളുകളുടെ സംഖ്യതന്നെ മുപ്പതിനായിരമാണു്. മൂഡി ഒരു വണ്ടിയുടെ സീറ്റിൽ കയറി നിന്നുകൊണ്ടു് ആ മഹാപുരുഷാരത്തോടു പ്രസംഗിച്ചു. അകത്തുള്ള ഒരു ഷെഡ്ഡിന്റെ മേൽപ്പുരയിൽ നിന്നുകൊണ്ടു് ഗായകന്മാർ പാടി. പ്രസംഗശേ

ഷം നടന്ന പിൻയോഗത്തിൽ രക്ഷാന്വേഷികളെക്കൊണ്ട്
ത്ത സ്ഫടികപ്രാസാദം നിറഞ്ഞിരുന്നപ്പോൾ. ഈ കൂട്ടത്തി
ൽ രണ്ടായിരം ആളുകൾ പുറത്തും നിൽക്കുന്നുണ്ടായിരുന്നു.
എഡിൻബറോവിൽ അദ്ദേഹം ഒരേസമയത്തു മുപ്പതിനായി
രം ആളുകളോടും, ഗ്ലാസ്ഗോവിൽ (ഒരേസമയത്തു) നാല്പ്പ
തിനായിരം ആളുകളോടും സംസാരിച്ചു.

ലിവർപൂളിലും മററനവധി ബ്രിട്ടീഷ്നഗരങ്ങളിലും കൂട്ട
വിൽ ലണ്ടനിലും വലിയ സമാഗമങ്ങൾ ഉണ്ടായി. രണ്ടാണ്ടും
ഒരാഴ്ചയും വേല നടന്ന് 1875-ൽ അവർ ബ്രിട്ടൻ വിട്ടപ്പോ
ൾ വെസ്ലിയുടെയും വിററ്ഫീൽഡിൻേറയും കാലശേഷം ഉണ്ടാ
യിട്ടില്ലാത്തവിധം മതപരമായ ഇളക്കം രാജ്യമൊട്ടുക്കുണ്ടായി
രുന്നു. ലിവർപൂളിൽ ബാലന്മാർക്കായി നടത്തിയ ഒരു പ്രസംഗ
ത്തിൽ 14000 കുട്ടികളും ലണ്ടനിലെ ഉപസംഹാര
ശുശ്രൂഷയിൽ 600 പട്ടക്കാരും സംബന്ധിച്ചു. ജനങ്ങൾ വെ
ട്ടുക്കിളികളെപ്പോലെ കൂടിവന്നു എന്നു പറയത്തക്കവണ്ണം ല
ണ്ടൻ സമ്മേളനങ്ങളിൽ കർത്തൃസാന്നിദ്ധ്യത്തെക്കുറിച്ചു തനിക്കു
ശക്തിയായ ബോധമുണ്ടായിരുന്നുവെന്നു മൂഡിതന്നെ പറഞ്ഞി
രിക്കുന്നു. ലണ്ടൻെറ കിഴക്കുഭാഗത്തു നടന്ന ഓരോ മീററിം
ഗിലും മൂഡി ഒരേക്കർ ജനങ്ങളോടു സംസാരിച്ചതായി പ്രഫ
സ്സർ ഡ്രമണ്ടു പറഞ്ഞിട്ടുണ്ട്.

മൂഡിയും സാങ്കിയും അമേരിക്കയിൽ പോയശേഷം
ബ്രൂക്ലിൻ, ഫിലാഡൽഫ്യാ ന്യൂയോർക്ക്; ബോസ്റ്റൺ, ഷിക്കാ
ഗോ മുതലായ ഐക്യനാടുകളിലെ മഹാനഗരങ്ങളിലും പ്ര
സംഗങ്ങൾ നടത്തി 1881-ൽ അദ്ദേഹം വീണ്ടും ഗ്രേററ്ബ്രി
ട്ടനെ സന്ദർശിച്ചു. ഈ സന്ദർശനം പിന്നീടു പല പ്രാവശ്യവും
ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ഒരു പ്രാവശ്യം വിശുദ്ധ നാട്ടിലേക്കും
യാത്ര ചെയ്തു.

1899 വരെ മൂഡി തൻെറ പ്രസംഗവേല തുടർന്നുകൊണ്ടി
രുന്നു. ക്യാൻസാസ് പട്ടണത്തിലായിരുന്നു അദ്ദേഹം ഒടുവിൽ
പ്രസംഗം നടത്തിയതു്. അവിടെവെച്ചു് അദ്ദേഹത്തിനു്
ഹാർട്ട്ഡിസീസ് ഉണ്ടാകയാൽ ബദ്ധപ്പെട്ടു സ്വദേശത്തേ
ക്കു പോയി. അദ്ദേഹത്തിൻെറ അന്ത്യവാക്കുകളിൽ താഴെ വ
രുന്ന വാചകങ്ങൾ കാണുന്നു. ,,ഇതാണ് എൻെറ ജയോത്സ
വം; ഇതത്രേ എൻെറ കിരീടധാരണദിനം; അനേക വർഷ

ങ്ങൾ ഞാൻ ഇതിനായി നോക്കിക്കൊണ്ടിരിക്കുന്നു" അന്ത്യ
കാലങ്ങളിൽ ഈ ലോകം മൂഡിക്ക് നീരസവസ്തുവായിരുന്ന
സ്വദേശത്തേക്ക് പോകുവാൻ അദ്ദേഹം ബദ്ധപ്പെട്ടുവോ എന്ന്
തോന്നും. നോർത്ത്ഫീൽഡിൽ ഈ വിശുദ്ധന്റെ ശരീരം
റവുചെയ്യപ്പെട്ടിരിക്കുന്നു. മൂഡിയുടെ അഭിപ്രായപ്രകാരം സ
ല ദുഃഖചിഹ്നവും ശവസംസ്കാരശുശ്രൂഷയിൽനിന്നു നീക്ക
കളഞ്ഞിരുന്നു. പത്തുകോടി ജനങ്ങളിലധികം അദ്ദേഹത്തി
ന്റെ അധരങ്ങളിൽനിന്നു സുവിശേഷം കേട്ടതായി കണക്ക
ക്കപ്പെടുന്നുണ്ട്. ഈ പുണ്യശ്ലോകൻ ആരംഭിച്ച വേദപാ
ശാലകൾ ഇന്നും സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

# സുവിശേഷമഹായോഗങ്ങൾ.

തെലുങ്കുരാജ്യത്തു സുവിശേഷവേല ചെയ്തുകൊണ്ടുവരുന്ന
ഒരു അമേരിക്കൻ മിഷ്യനറിയും, കഴിഞ്ഞ ഏതാനും വർഷ
ങ്ങളിൽ പല ഘട്ടങ്ങളിലായി തിരുവിതാംകൂറിന്റെ നാനാ
ഭാഗങ്ങളിലും സഞ്ചരിച്ചു ഫലകരമായ സുവിശേഷപ്രസംഗ
ങ്ങൾ നടത്തി സകലരുടേയും പ്രീതിക്കും അഭിനന്ദനത്തിനു
പാത്രീഭൂതനുമായ ഫോക്സ് സായ്പവർകളും ഈയാണ്ടിലും ഇദ്ദേ
ങ്ങളിൽ വന്നു യോഗങ്ങൾ നടത്തി സ്വദേശത്തേക്കു മടങ്ങിയി
രിക്കുന്നു. സ്ഥലം മിഷ്യനറി നോയൽ സായ്പവർകളും അദ്ദേഹ
ത്തോടൊരുമിച്ചു സഞ്ചരിച്ചു സുവിശേഷ ദൂതുകൾ അറിയിക്ക
യുണ്ടായി. നാട്ടുസുവിശേഷകന്മാരായ പലരും പ്രസ്തുത വേല
യിൽ ഭാഗഭാക്കുകളായിരുന്നു. യോഗങ്ങൾ മീനം 1 മുതൽ
വരെ തീയതികളിൽ കമ്പനാട്ടും, 3 മുതൽ 6 വരെ പള്ളിപ്പ
ട്ടും, 7 മുതൽ 10 വരെ പുത്തൻകാവിലും, 10 മുതൽ 13 വ
കല്ലിശ്ശേരിയിലുമായിരുന്നു നടന്നതു്. പ്രസ്തുത യോഗങ്ങളുടെ ഫ
ലമായി അനേകം പേർ മനഃപരിവർത്തനം പ്രാപിക്കയും വി
ശ്വാസത്തിൽ ശക്തിപ്പെടുകയും ചെയ്കയുണ്ടായി.

× × × × ×

ഓമല്ലൂർ വയലിൽ ആണ്ടുതോറും നടന്നുവരാറുള്ള സുവി
ശേഷവേല ഈയാണ്ടിലും മീനം 1-4 വരെ തീയതികളി

പൂർവ്വാധികം ഭംഗിയായി നടന്നിരിക്കുന്നു. മുന്നാണ്ടുകളിലേപ്പോലെ ഇലന്തൂർ, മഞ്ഞനിക്കര, വെട്ടിപ്പുറം മുതലായ സമീപ സ്ഥലങ്ങളിലുള്ള സഹോദരന്മാർ പന്തൽ ഇടുന്നതിനും മററും വളരെ ഉത്സാഹിക്കയുണ്ടായി. പല സ്ഥലങ്ങളിൽനിന്നു സഹോദരന്മാരുടെ ഒരു വലിയ കൂട്ടം വോളന്റിയേഴ്സായി വന്നുകൂടി. കേൾവിക്കാരും ധാരാളം ഉണ്ടായിരുന്നു.

K T M.

---

## അവസരോക്തി.

ക്ഷമാശസ്ത്രം കരെ യസ്യ ദുർജ്ജനഃ കിം കരിഷ്യതി
അതൃണെ പതിതോ വഹ്നിഃ സ്വയമേവോപശാമ്യതി

അർത്ഥം. യസ്യകരെ=യാതൊരുത്തന്റെ കയ്യിൽ, ക്ഷമാശസ്ത്രം വർത്തി=ക്ഷമയാകുന്ന ആയുധം ഉണ്ട്. തസ്യ ദുർജ്ജനഃ കിം കരിഷ്യതി=അവനു ദുർജ്ജനം എന്തു ചെയ്യും? അതൃണെ പതിതഃവഹ്നിഃ=പുല്ലില്ലാത്തിടത്തു വീണ തീ. സ്വയമേവ=തന്നത്താൻ. ഉപശാമ്യതെ=ശമിക്കുന്നു.

2. ക്ഷമാ ബലമശക്താനാം ശക്താനാം ഭൂഷണം ക്ഷമാ
ക്ഷമാ വശീകൃതിർലോകെ ക്ഷമയാ കിം ന സിദ്ധ്യതി.

അർത്ഥം. ക്ഷമാ അശക്താനാം ബലം=ക്ഷമ ... ണം.

നാർക്കു ബലമാകുന്നു. ക്ഷമാ ശ...


| | | പേജ് |
|---|---|---|
| | ...സ്ഥാനം | 25 |
| | ലോകപ്രസിദ്ധനായ മൂഡിസായ്പ് | 29 |
| 3. | ന്യായവിധികൾ | 32 |
| 4. | ധ്യാനമഞ്ജരി | 36 |
| 5. | യോനായും കടലാനയും | 40 |
| 6. | യോഗവൃത്താന്തങ്ങൾ | 46 |
| 7. | ന്യായപ്രമാണവും കൃപയും | 48 |


THE NATIONAL PRINTING HOUSE, TIRUVALLA.
1933.